പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 216 — 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി .സി ജീവനക്കാരുടെ ഡ്യൂട്ടി /ശമ്പള ആനുകൂല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി .സി ജീവനക്കാർക്ക് നാളിതുവരെ നൽകി വന്നിരുന്ന ഡ്യൂട്ടി/ ശമ്പള ആനുകൂല്യങ്ങളിൽ ഏതിലെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷംവെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;എങ്കിൽ അവ എന്തെല്ലാമാണെന്നും അതുകൊണ്ട് ഏതെല്ലാം ജീവനക്കാർക്ക് നൽകി വന്നിരുന്ന സാമ്പത്തികാനുകൂല്യങ്ങളാണ് നഷ്ടമാവുന്നതെന്നും വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുന:ക്രമീകരിച്ച് സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഓടുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ നൽകിവന്നിരുന്ന ഡ്യൂട്ടി പാറ്റേൺ ഓടിക്കുന്ന സമയത്തിന് ആനുപാതികമായി (സ്റ്റിയറിങ് സമയം) പരിഷ്കരിക്കുന്നതിന് 25/05/2017-ൽ ഉത്തരവ് നൽകിയിരുന്നു. ജീവനക്കാരെ ഫലപ്രദമായി വിനി യോഗിക്കുന്നതിനും അതുവഴി ഷെഡ്യൂളുകൾ മുടങ്ങാതെ ഓപ്പറേറ്റ് ചെയ്യുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ജീവനക്കാർക്ക് നൽകി വന്നിരുന്ന യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | ഇതുമൂലം കെ.എസ്.ആർ.ടി .സിയുടെ നഷ്ടം എത്രത്തോളം നികത്തുന്നതിന് സാധിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഡ്യൂട്ടി പാറ്റേൺ ക്രമീകരണം സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. ആയതിനാൽ ഡ്യൂട്ടി പാറ്റേൺ ക്രമീകരണം ഏർപ്പെടുത്തിയതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം സംബന്ധിച്ച കണക്കുകളും വിശദാംശങ്ങളും ക്രോഡീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ലൈൻഡ്യൂട്ടി നോക്കുന്ന ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങളുടെ വെട്ടിക്കുറവിൽ നിന്ന് ലഭ്യമാകുന്ന തുക ഉപയോഗിച്ച് ഈ സ്ഥാപനത്തെ ലാഭത്തിലാക്കുന്നതിന് രാജ്യത്തെ മറ്റ് ഏത് പൊതുമേഖല സ്ഥാപനത്തെയാണ് ഈ സർക്കാർ മാതൃകയാക്കുന്നത്; വിശദവിവരം നൽകുമോ? | (സി) | ലൈൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് നൽകി വന്നിരുന്ന യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും വെട്ടിക്കുറച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**